**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1399** **07-02-2023 - ൽ മറുപടിയ്ക്ക്**

**പാഠ്യപദ്ധതി പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; | (എ) | പൊതുവിദ്യാലയങ്ങളെ സംബന്ധിച്ച പരമ്പരാഗത കാഴ്ചപ്പാടുകളെയാകെ തിരുത്തിയെഴുതുകയും പുതിയ കാലത്തിന് അനുയോജ്യമായ വിധം മാറുകയും ചെയ്ത പൊതുവിദ്യാലയങ്ങളും കോവിഡ് കാലത്ത് നടത്തിയ സവിശേഷമായ ഇടപെടലുകളും ലോക ശ്രദ്ധ നേടുകയുണ്ടായി. ഇതിന്റെ തുടർച്ചയായിട്ടാണ് ലോക നിലവാരത്തിലുള്ള ഒരു പാഠ്യപദ്ധതിയ്ക്കു വേണ്ടിയുള്ള പരിഷ്കരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുന്നത്. കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 ന്റെ അടിസ്ഥാനത്തിലാണ് അവസാനമായി കേരളത്തിൽ സമഗ്രമായി പാഠ്യപദ്ധതി പരിഷ്കരണം നടന്നത്. അതിനുശേഷം നിരവധി വർഷക്കാലം അറിവിന്റെ നാനാമേഖലയിലുണ്ടായ വികാസം പരിഗണിച്ചുള്ള പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. പാഠ്യപദ്ധതിയിലെ പ്രധാന വിഷയമേഖലകളെ കേന്ദ്രീകരിച്ച് 26 ഫോക്കസ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ധർ ഉൾപ്പെട്ട ഈ ഫോക്കസ് ഗ്രൂപ്പുകൾ ഇന്ത്യയിലും വിദേശത്തുമുള്ള സ്ഥാപനങ്ങൾ, വ്യക്തികൾ, അധ്യാപകർ, രക്ഷിതാക്കൾ തുടങ്ങിയവരുമായി ചർച്ച നടത്തി ഓരോ ആശയ മേഖലയിലും നിലപാട് രേഖകൾ തയ്യാറാക്കും. ഈ നിലപാട് രേഖകളെ അടിസ്ഥാനമാക്കി പ്രീപ്രൈമറി വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, അധ്യാപക വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസം എന്നീ നാല് മേഖലകളിൽ പാഠ്യപദ്ധതി ചട്ടക്കൂട് രൂപീകരിക്കും. ഇതിനെ അടിസ്ഥാനമാക്കി സിലബസും പാഠപുസ്തകങ്ങളും തയ്യാറാക്കും. വിപുലമായ ഈ പ്രവർത്തനത്തിൽ എല്ലാ വിഭാഗം ജനങ്ങളിൽ നിന്നും ആശയങ്ങളും നിർദ്ദേശങ്ങളും |

| | | | |
|---|---|---|---|
| | | | സ്വാംശീകരിക്കുന്നതിന് പ്രത്യേക ഊന്നൽ നൽകുന്നു. ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത്, സ്കൂൾ തലങ്ങളിലൊക്കെ ചർച്ചകൾ സംഘടിപ്പിക്കുന്നു. കൂടാതെ ലോകത്തെവിടെയുള്ളവർക്കും അഭിപ്രായങ്ങൾ അറിയിക്കുന്നതിനായി ടെക്ക്പ്ലാറ്റ്ഫോമും സജ്ജമാക്കിയിട്ടുണ്ട്. 2023 ഒക്ടോബർ 31 ന് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ബി) | പരിഷ്കരിച്ച പാഠ്യപദ്ധതി പ്രകാരമുള്ള പുസ്തകങ്ങളുടെ രചന, അച്ചടി, വിതരണം എന്നിവ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | നിലവിൽ പാഠ്യപദ്ധതി ചട്ടക്കൂടുകൾ തയാറാക്കുന്ന പ്രവർത്തനം ആണ് നടക്കുന്നത്. 2023 മാർച്ചിൽ പാഠ്യപദ്ധതി ചട്ടക്കൂടുകൾ പ്രസിദ്ധീകരിക്കും. തുടർന്ന് സിലബസ് തയ്യാറാക്കുകയും, പാഠപുസ്തക രചന ആരംഭിക്കുകയും ചെയ്യും. രണ്ടു ഘട്ടങ്ങളായിട്ടാണ് പാഠപുസ്തക നിർമ്മാണം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്. ആദ്യഘട്ടം പാഠപുസ്തക രചന 2023 ഒക്ടോബറിൽ പൂർത്തിയാക്കും. 2024ജൂണിൽ ഈ പുസ്തകങ്ങൾ നിലവിൽ വരും. രണ്ടാംഘട്ടം പാഠപുസ്തകങ്ങൾ 2025 ജൂണിൽ കുട്ടികൾക്ക് ലഭിക്കും. |
| (സി) | പരിഷ്കരിച്ച പാഠ്യപദ്ധതിക്ക് അനുയോജ്യമായ രീതിയിൽ ഡിജിറ്റൽ പഠനോപാധികൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | പാഠ്യപദ്ധതിയുടെയും പാഠപുസ്തകങ്ങളുടെയും അടിസ്ഥാനത്തിൽ ഓരോ പാഠഭാഗവും വിനിമയം ചെയ്യുന്നതിന് ആവശ്യമായ ഡിജിറ്റൽ വിഭവങ്ങൾ തയാറാക്കുന്നതാണ്. |
| (ഡി) | പുതിയ പാഠ്യക്രമമനുസരിച്ച് സ്കൂളുകളിലെ വിവിധ ലാബുകളും ലൈബ്രറി സംവിധാനങ്ങളും മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | പാഠ്യപദ്ധതിയിൽ മാറ്റമുണ്ടാകുമ്പോൾ ലാബുകളും ലൈബ്രറികളും ഉൾപ്പെടെയുള്ള അനുബന്ധ സംവിധാനങ്ങളും അതിനനുസരിച്ച് പരിഷ്ക്കരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ